E-mail : keralarcs.coop@kerala.gov.in
Website : www.cooperation.kerala.gov.in
Fax: 0471-2331513

ജി (2) 37701/2014

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം. തീയതി : 28.04.2015

# സർക്കുലർ നമ്പർ 23/2015

വിഷയം : സഹകരണവകുപ്പ് - ''ആലില'' പദ്ധതി - സമയം ദീർഘിപ്പിച്ചു നൽകുന്നതു - സംബന്ധിച്ച്.

സൂചന :
1. സഹകരണ സംഘം രജിസ്ട്രാറുടെ 25.09.2014 ലെ 43/2014 നമ്പർ സർക്കുലർ
2. സഹകരണ സംഘം രജിസ്ട്രറുടെ 18.10.2014 ലെ 46/2014 നമ്പർ സർക്കുലർ.
3. സഹകരണ സംഘം രജിസ്ട്രറുടെ 07.01.2015 ലെ 04/2015 നമ്പർ സർക്കുലർ.

........................

പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി സഹകരണ സ്ഥാപനങ്ങൾ മുഖേന അഞ്ചുലക്ഷത്തിൽപ്പരം വൃക്ഷത്തെകൾ നട്ടു വളർത്തുന്നതിനുദ്ദേശിച്ച് നടപ്പിലാക്കിയ ''ആലില'' പദ്ധതി 2014 ഒക്ടോബർ 2 മുതൽ ആരംഭിക്കുകയും 2015 മാർച്ച് 31 വരെ തുടരുകയും ചെയ്തിട്ടുണ്ട്.

ടി പദ്ധതി കൂടുതലായി വ്യാപിപ്പിക്കുന്നതിന്, മഴക്കാലത്തേക്ക് കൂടി പദ്ധതിയുടെ കാലാവധി ദീർഘിപ്പിക്കുന്നത് ഉചിതമായിരിക്കുമെന്നുള്ള സഹകാരികളുടെ അപേക്ഷ പരിഗണിച്ച് പദ്ധതിയുടെ കാലയളവ് 2015 സെപ്തംബർ 30 വരെ ദീർഘിപ്പിച്ചിരിക്കുന്നു.

സൂചന സർക്കുലറുകൾ പ്രകാരമുള്ള നിർദേശങ്ങൾക്കനുസൃതമായി ''ആലില'' പദ്ധതി ടി ദീർഘിപ്പിച്ച കാലയളവിലും നടപ്പിലാക്കുന്നതിനും സംഘം/താലൂക്ക്/ജില്ലാതലങ്ങളിൽ കമ്മിറ്റികൾ വിളിച്ചു ചേർക്കുന്നതിനും, കർമ്മ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഒപ്പ്)
**എസ്. ലളിതാംബിക ഐ.എ.എസ്.**
**സഹകരണസംഘം രജിസ്ട്രാർ**

<u>പകർപ്പ്</u>

1) എല്ലാ ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും./ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) എന്നിവർക്ക്.
2) എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും (ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന).
3) എല്ലാ അപക്സ് സ്ഥാപനങ്ങൾക്കും/ബാങ്കുകൾക്കും.
4) എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും.
5) എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾക്കും.
6) എഡിറ്റർ/സഹകരണ വീഥി, സഹകരണ ജേർണൽ.
7) വെബ്സൈറ്റ്.
8) സ്റ്റോക്ക് ഫയൽ

SP/28.04.2015